പ്രകാശവചനം ● സി.എം റഫീഖ് കോക്കൂർ

# പതിവായി ചെയ്യുന്നതിലാണ് പുണ്യം

عَنْ عَائشة رضى الله عنها قَالتْ سُئِلَ رَسُولُ الله ﷺ أي الأعْمَالِ
اَحَبُّ الَىَلّه تَعَالى قال: أدوَمُهَا وَانْ قَلَّ

**ആഇശ(റ)യിൽനിന്ന് നിവേദനം. ഒരിക്കൽ നബി(സ)യോട് ചിലർ ചോദിച്ചു: "അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായ കർമമേതാണ്?" നബി(സ) അരുളി: "പതിവായി അനുഷ്ഠിക്കുന്ന സൽക്കർമങ്ങൾ. അതെത്ര കുറഞ്ഞാലും ശരി" (ബുഖാരി).**

അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും ലക്ഷ്യമാക്കി അവന്റെ വിധിവിലക്കുകൾക്ക് വിധേയമായി കർമം ചെയ്യാനാണ് സത്യവിശ്വാസി കൽപിക്കപ്പെട്ടിരിക്കുന്നത്. അത്തരം കർമങ്ങൾക്കാണ് സൽക്കർമങ്ങൾ എന്ന് പറയുന്നത്. വിശ്വസിക്കാനുള്ളകൽപനയോടൊപ്പം സൽക്കർമങ്ങൾ അനുഷ്ഠിക്കാനുള്ള കൽപനയും ഖുർആനിൽ കാണാം. രണ്ടും പരസ്പര പൂരകങ്ങളാണ്. ഈമാനിൽ നിന്ന് സൽക്കർമങ്ങൾ നിർബന്ധമായും ഉണ്ടാകേണ്ടതുണ്ടെന്ന് വ്യക്തമാക്കുംവിധമാണ് ഖുർആൻ അവ രണ്ടിനെയും ചേർത്ത് പറഞ്ഞിരിക്കുന്നത്. വിശ്വാസമില്ലാതെയുള്ള കർമവും കർമമില്ലാത്ത കേവല വിശ്വാസവും ഇസ്‌ലാമിക ദൃഷ്ട്യാ ഫലശൂന്യമാണ്.

"ഉത്തമ വചനങ്ങൾ അവനിലേക്ക് കയറിപ്പോകുന്നു. ഉത്തമ കർമങ്ങളെ അവൻ സമുന്നതമാക്കുന്നു" (*ഫാത്വിർ* 10). അല്ലാഹുവിങ്കൽ സ്വീകാര്യ യോഗ്യമാകാനുള്ള പ്രകൃതി സഹജമായ ഗുണമുള്ളത് വിശ്വാസത്തിന്റെ പിൻബലത്തോടു കൂടി ചെയ്യുന്ന സൽക്കർമങ്ങൾക്ക് മാത്രമാണ്.

ഇസ്‌ലാം ചിട്ടയും വ്യവസ്ഥയും ആവശ്യപ്പെടുന്നു. സ്ഥിരചിത്തതയോടു കൂടി നിരന്തരമായി ചെയ്യുന്ന സൽക്കർമങ്ങളാണതാവശ്യപ്പെടുന്നത്. എപ്പോഴെങ്കിലും ചില സന്ദർഭങ്ങളിൽ ധാരാളമായി സൽക്കർമങ്ങൾ ചെയ്യുകയും മറ്റു പലപ്പോഴും കർമവിമുഖത കാണിക്കുകയും ചെയ്യുന്നതിന് പകരം, പതിവായി ചെയ്യുന്നതിലാണ് പുണ്യം.

നിർബന്ധ കർമങ്ങളുടെ കാര്യത്തിൽ കുറവ് വരുത്താൻ സത്യവിശ്വാസികൾക്കനുവാദമില്ല. അങ്ങനെ സംഭവിച്ചാൽ അത് വിശ്വാസത്തെ തന്നെ ബാധിക്കുന്ന ഗുരുതരമായ തെറ്റും കുറ്റവുമാണ്. നിർബന്ധ കർമങ്ങളിൽ വീഴ്ചവരുത്തിക്കൊണ്ടൊരാൾക്ക് മുഅ്മിനും മുസ്‌ലിമുമാവുക സാധ്യമല്ല.

എന്നാൽ, ഐച്ഛിക കർമങ്ങളിൽ ഓരോരുത്തരുടെയും കഴിവും സാധ്യതയുമനുസരിച്ച് ഏറ്റ വ്യത്യാസമാകാവുന്നതാണ്. സാധ്യമാകുന്നതിന്റെ പരമാവധി അനുഷ്ഠിക്കാൻ ശ്രമിക്കുക തന്നെയാണ് വേണ്ടത്. നിർബന്ധ കർമങ്ങളിൽ സംഭവിച്ചേക്കാവുന്ന പാകപ്പിഴവുകൾക്ക് പരിഹാരവും കൂടുതൽ പ്രതിഫലം നേടാനുള്ള അവസരവുമാണത് വഴി ലഭ്യമാകുന്നത്.

ഇവിടെ ശ്രദ്ധിക്കേണ്ട അടിസ്ഥാന തത്ത്വം ഐച്ഛികമായ സൽക്കർമങ്ങൾ അൽപം കുറഞ്ഞാലും അവ പതിവായി ചെയ്തുകൊണ്ടിരിക്കുക എന്നതാണ്. അല്ലാഹു ഏറെ ഇഷ്ടപ്പെടുന്നതും അതാണെന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു. ■